# Official Spokesperson's response to media queries on the situation in the western sector of the India-China border

June 16, 2020

---

## ഇന്ത്യ ചൈന അതിർത്തിയുടെ പടിഞ്ഞാറൻ പ്രവിശ്യയിലെ സാഹചര്യങ്ങളോടനുബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ മറുപടി.

ജൂൺ 16, 2020

**ഇന്ത്യ ചൈന അതിർത്തിയുടെ പടിഞ്ഞാറൻ പ്രവിശ്യയിലെ സാഹചര്യങ്ങളോടനുബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ. അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു.**

"കിഴക്കൻ ലഡാക്ക് അതിർത്തി മേഖലയിലെ സാഹചര്യതീവ്രത കുറയ്ക്കുന്നതിനായി ഇന്ത്യയും ചൈനയും തമ്മിൽ സൈനിക നയതന്ത്ര ചാനലുകളിലൂടെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

2020 ജൂൺ 6 നു ഉന്നതതല കമ്മാണ്ടർമാരുടെ സമ്മേളനം നടത്തിയിരുന്നു കൂടാതെ സാഹചര്യതീവ്രത കുറയ്ക്കുന്നതിനുള്ള നടപടികൾക്ക് സമ്മതിക്കുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന്, ഉന്നത തലത്തിൽ നിന്നുള്ള തീരുമാനങ്ങൾ നടപ്പിലാക്കാനായി താഴെക്കിടയിലുള്ള ഉദ്യോഗസ്ഥർക്കിടയിൽ തുടർച്ചയായ സമ്മേളനങ്ങൾ നടന്നിരുന്നു.

ഇവ സുഗമമായി തന്നെ അവസാനിക്കുമെന്നത് ഞങ്ങൾ പ്രതീക്ഷിക്കുമ്പോഴും , ഗാൽവാൻ വാലിയിലെ യഥാർത്ഥ നിയന്ത്രണ രേഖ (LAC) ബഹുമാനിക്കുന്നതിൽ നിന്നും ചൈനീസ് വിഭാഗം വ്യതിചലിച്ചിരിക്കുകയാണ്.

കഴിഞ്ഞ ദിവസം, ജൂൺ 15 നു, ഈ പ്രദേശത്തെ നിയമാധികാരം ഏകപക്ഷീയമായി മാറ്റാനായി ശ്രമിച്ചതിനെ തുടർന്ന് ഇവിടെ പ്രക്ഷോഭങ്ങൾ സംഭവിച്ചിരുന്നു. ഉന്നതതലത്തിൽ നിന്നുള്ള ഉടമ്പടികൾ ചൈനീസ് വിഭാഗവും പാലിക്കുകയായിരുന്നുവെങ്കിൽ ഇരു വിഭാഗങ്ങളിലും സംഭവിച്ച അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു.

അതിർത്തി കൈകാര്യം ചെയ്യുന്നതിന് ഉത്തരവാദിത്വമുള്ള സമീപനങ്ങൾ നൽകിക്കൊണ്ട്, നിയന്ത്രണ രേഖയിലുടനീളമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഇന്ത്യയ്ക്ക് വളരെ വ്യക്തതയാണുള്ളത്. ഞങ്ങൾ ഇത് തന്നെയാണ് ചൈനീസ് വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്.

അതിർത്തി മേഖലകളിലെ ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കേണ്ടത്തിന്റെയും ചർച്ചകളിലൂടെ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ഉള്ള ആവശ്യകത ഞങ്ങൾക്ക് ബോധ്യം വന്നിരിക്കുന്നു.അതെ സമയം തന്നെ, ഇന്ത്യയുടെ പരമാധികാരവും പ്രവിശ്യപരമായ അഖണ്ഡതയും സൂക്ഷിക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞബദ്ധമാണ്."

ന്യൂ ഡൽഹി
16 **ജൂൺ**, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.